**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 9** **27-06-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ രംഗത്തെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യ ഭദ്രതയ്ക്കൊപ്പം ഉപഭോക്തൃ നന്മ കൂടി ലക്ഷ്യമാക്കി സംസ്ഥാനത്തെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനം ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഭക്ഷ്യ ഭദ്രതക്കൊപ്പം ഉപഭോക്തൃ നന്മയും കൂടി ലക്ഷ്യമാക്കി 21 /2 /2022 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 4 /2022 /ഭ.പൊ.വി.വ പ്രകാരം പൊതുവിതരണ വകുപ്പിന്റെ പേര് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് എന്നും പൊതുവിതരണ ഡയറക്ടറുടെയും കമ്മീഷണറുടെയും തസ്തികകൾ സംയോജിപ്പിച്ച പൊതുവിതരണ-ഉപഭോക്തൃകാര്യ കമ്മീഷണർ എന്നും പുനഃനാമകരണം ചെയ്യുകയുണ്ടായി. ഉപഭോക്താക്കൾക്ക് പരാതികൾ ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിന് ഇ-ദാഖിൽ സംവിധാനം (e-Daakhil) നടപ്പിലാക്കി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരാതിക്കാർക്ക് ഉപഭോക്തൃ കമ്മീഷനിൽ സൗജന്യ നിയമസഹായം നൽകുന്നതിനുള്ള സെൽ രൂപീകരിക്കുകയുണ്ടായി. തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ മീഡിയേഷൻ സെല്ലുകൾ ആരംഭിച്ചിട്ടുണ്ട്. NSS (നാഷണൽ സർവ്വീസ് സ്കീം)-മായി സഹകരിച്ച് സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികളിലൂടെ ഉപഭോക്തൃ ബോധവൽക്കരണം സമൂഹത്തിന്റെ എല്ലാ തട്ടുകളിലേക്കും എത്തിക്കുന്നതിനുള്ള നടപടികൾക്കും തുടക്കമിട്ടിട്ടുണ്ട്. |
| (ബി) | പൊതുവിതരണ രംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ഓൺലൈൻ സേവനങ്ങൾ നൽകാൻ ഇ-സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുത്ത റേഷൻകടകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി വൈവിധ്യവൽക്കരണത്തിലൂടെ കെ-സ്റ്റോറുകളാക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ നടന്ന് വരികയാണ്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെ-സ്റ്റോറുകളിൽ ഇ-സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിയുമോ എന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | സ്മാർട്ട് റേഷൻ കാർഡുകളിലൂടെ ശബരി | (സി) | സ്മാർട്ട് റേഷൻ കാർഡുകളുടെ സഹായത്തോടു കൂടി |

| | | | |
|---|---|---|---|
| | ഉല്പന്നങ്ങൾ കൂടി ലഭ്യമാകുന്ന വിധം ഗ്രാമീണ മേഖലയിൽ ആയിരം റേഷൻകടകൾ കെ-സ്റ്റോറുകളായി നവീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | സംസ്ഥാനത്തെ ഗ്രാമീണമേഖലയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിൽ അധിക സേവനങ്ങൾ ലഭ്യമാക്കി കെ-സ്റ്റോറുകളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. RFP-യിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ദേശസാത്കൃത ബാങ്കിന്റെയും റേഷൻ മേഖലയിലെ സാങ്കേതിക സഹായം നൽകുന്ന സ്ഥാപനത്തിന്റെയും സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ആയതിനുള്ള RFP(Request for Proposal) പ്രസിദ്ധീകരിക്കുന്നതിന് സിവിൽ സപ്ലൈസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കെ-സ്റ്റോർ പദ്ധതി യാഥാർത്ഥ്യമാകുന്നതോടുകൂടി 5000/- രൂപ വരെയുള്ള ബാങ്കിംഗ് സേവനങ്ങൾ, യൂട്ടിലിറ്റി പേയ്.മെന്റ് സംവിധാനം മുതലായവയോടൊപ്പം ശബരി ഉത്പന്നങ്ങളും വിപണനം ചെയ്യുവാൻ ആലോചിച്ച് വരുന്നു. |
| (ഡി) | സ്മാർട്ട് റേഷൻ കാർഡുകളിലൂടെ ബാങ്കിംഗ്, യൂട്ടിലിറ്റി പേയ്മെന്റ് സേവനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ക്ലോസ് (സി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ